നപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചതുകൊണ്ട് വേണമെങ്കിൽ പരിശോധിക്കാവുന്നതാണ്.

4 (*458) തൊഴിലുടമ-തൊഴിലാളി ബന്ധം ക്രിയാത്മകമാക്കുന്നതിന് അക്കാദമിക് പരിശീലനം

ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി :
ശ്രീ. എൻ. അനിരുദ്ധൻ :

ശ്രീ. കെ. പ്രകാശ് ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുടമ-തൊഴിലാളി ബന്ധം ക്രിയാത്മകമാക്കുന്നതിന് അക്കാദമിക് പരിശീലനം നൽകുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിൽ എന്തെല്ലാം പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ)&(ബി) ഇല്ല. എന്നാൽ 'കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ' ആന്റ് എംപ്ലോയ്മെന്റ് എന്ന സ്ഥാപനം ട്രേഡ് യൂണിയൻകാർക്കും മറ്റു വ്യവസായ സ്ഥാപനങ്ങൾക്കും ട്രെയിനിംഗ് നൽകുന്നുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്കുവേണ്ടി 18 പരിശീലന പരിപാടികൾ സംഘടിപ്പിച്ച ഓയിൽപാം ഇൻഡ്യാ ലിമിറ്റഡിലേയും ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യാ ലിമിറ്റഡിലേയും തൊഴിലാളികൾക്കുവേണ്ടി യഥാക്രമം നാലും ഏഴും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിന്റെ തൊഴിലാളി യൂണിയൻ പ്രവർത്തകർക്കുവേണ്ടി 13 ശില്പശാലകൾ സംഘടിപ്പിച്ചു. തൊഴിലാളി പ്രതിനിധികൾക്കും തൊഴിലുടമാ പ്രതിനിധികൾക്കും തൊഴിലാളി യൂണിയൻ നേതാക്കന്മാർക്കും തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കുംവേണ്ടി നടത്തിയ 'മാനേജുമെന്റ് ലേബർ ഇന്റർഫേസ്' എന്ന പരിപാടിയും വിജയകരമായി സംഘടിപ്പിച്ചു. കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ നേതാക്കന്മാർക്കും, തോട്ടം മേഖലയിലെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ നേതാക്കന്മാർക്കും വേണ്ടി 3 ശില്പശാലകൾ വീതം സംഘടിപ്പിക്കുകയുണ്ടായി. റബ്ബർ ബോർഡിലെ തോട്ടങ്ങളുടെ ചുമതലയുള്ള സീനിയർ ഓഫീസർമാർക്കുവേണ്ടിയും കാർഡമം മേഖലയിലെ ചെറുകിടകൃഷിക്കാർക്കുവേണ്ടിയും പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

ശ്രീ. സി.എൻ. ജയദേവൻ : കേരളത്തിൽ പൊതുവെ തൊഴിലാളി തൊഴിലുടമ ബന്ധങ്ങൾ മെച്ചപ്പെട്ടതാണെന്നാണ് പറയാമെങ്കിൽക്കൂടി പല തൊഴിൽ പ്രശ്നങ്ങളും പരിഹരിക്കുന്നത് പോലീസ്, കോടതി തുടങ്ങിയ മറ്റ് ഏജൻസികളാണ്. തൊഴിൽ വകുപ്പു മുഖേന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇതിനാവശ്യമായ നിയമനിർമ്മാണങ്ങളൊക്കെ ഇപ്പോൾ തന്നെയുണ്ട്. എൻഫോഴ്സ്മെന്റ് നിയമങ്ങൾ നടപ്പിലാക്കുന്നത് ലേബർ ഡിപ്പാർട്ടുമെന്റാണ്. ലേബർ തർക്കങ്ങൾ പരിഹരിക്കുന്നത് ലേബർ ഡിപ്പാർട്ടുമെന്റാണ്. അത് ആദ്യം അസിസ്റ്റന്റ് ലേബർ ഓഫീസർ, അതുകഴിഞ്ഞ് ഡി.എൽ.ഒ. അതുകഴിഞ്ഞ് ആർ.ജി.എൽ.പി. തുടങ്ങിയ പല ഘട്ടങ്ങളിൽ ചർച്ച ചെയ്യുകയും അവസാനം അത് തീർന്നില്ലെങ്കിൽ ഗവണ്മെന്റ് പരിഗണിക്കുകയും പരിഹാരം കാണുന്നില്ലെങ്കിൽ മാത്രമാണ് കോടതിക്ക് വിടാറുള്ളത്.

ശ്രീ. സി.എൻ. ജയദേവൻ : തൊഴിലാളികൾക്കുവേണ്ടി ഹോളിഡേ ക്യാമ്പുകൾ ഉടമകളുടെ സഹകരണത്തോടുകൂടി ആരംഭിക്കുന്നതിനെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുമോ? ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ അഭിപ്രായം എന്താണ്?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇപ്പോൾത്തന്നെ ഹോളിഡേ ക്യാമ്പുകളുണ്ട്. കുമിളിയിൽ ഹോളിഡേ ഹോമുണ്ട്. വളരെ വിശാലമായ സൗകര്യങ്ങളുള്ളതാണ്. പല കമ്പനികളും അവിടത്തെ തൊഴിലാളികളും തൊഴിലാളിയൂണിയനും ചേർന്ന് ഹോളിഡേയിൽ വിശ്രമമൊക്കെ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനി കൂടുതൽ ഹോളിഡേ ഹോമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ശ്രീമതി ആർ. ലതാദേവി : നമ്മുടെ സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പല സ്ഥാപനങ്ങളും അടച്ചുപൂട്ടുന്ന ഒരു പ്രവണതയുണ്ട്. തൊഴിൽ നിയമങ്ങൾ ലംഘിച്ചുകൊണ്ട് തൊഴിലാളികളെയും സമൂഹത്തെയും ദ്രോഹിച്ചുകൊണ്ട് സ്ഥാപനങ്ങൾ ഇത്തരത്തിൽ അടച്ചുപൂട്ടുന്ന ഉടമകൾക്കെതിരായി ഗവണ്മെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; അല്ലെങ്കിൽ സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അങ്ങനെ നിയമവിരുദ്ധമായി നടപടി സ്വീകരിക്കുന്നവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ഗവണ്മെന്റിന് അധികാരമുണ്ട്. നിയമവിരുദ്ധമായ നടപടി സ്വീകരിക്കുന്നവരെ തീർച്ചയായും പ്രോസിക്യൂട്ട് ചെയ്യും.

ശ്രീമതി ആർ. ലതാദേവി : എത്രപേരെ പ്രോസിക്യൂട്ട് ചെയ്തിട്ടുണ്ടെന്ന് കൂടി അറിഞ്ഞാൽ കൊള്ളാം. ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശം നൽകാമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : എത്രപേരെ പ്രോസിക്യൂട്ട് ചെയ്തുവെന്നുള്ളതിനെസംബന്ധിച്ച് പറയണമെങ്കിൽ പ്രത്യേകം നോട്ടീസ് വേണം. കശുവണ്ടി, കയർ, പ്ലാന്റേഷൻ തുടങ്ങിയ മേഖലകളിലൊക്കെ ഐ.ആർ.സി. സംഘടിപ്പിച്ചിട്ടുണ്ട്. ഐ.ആർ.സി.യാണ് അവിടത്തെ ലേബർ പ്രശ്നങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നത്. കായംകുളത്തൊക്കെ ഐ.ആർ.സി. എഫക്ടീവായി നടപടി സ്വീകരിച്ചതുകൊണ്ടാണ് കായംകുളം പദ്ധതിയൊക്കെ സമയബന്ധിതമായി തീർക്കാൻ സഹായകരമായത്.

ശ്രീ. യു.എസ്. ശശി : വ്യവസായമേഖലയിൽ ഇന്നുണ്ടായിട്ടുള്ള വളർച്ചയിൽ ആധുനികവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് കൂടുതൽ പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കൂടുതൽ പരിശീലനം നൽകുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. കേരളാ ലേബർ ഇൻസ്റ്റിറ്റ്യൂട്ട് അതിനുള്ള പരിപാടികളൊക്കെ ആസൂത്രണം ചെയ്തിട്ടുണ്ട്. ധനാഭ്യർത്ഥന ചർച്ചയിൽ തന്നെ അത് സ്ട്രെങ്തെൻ ചെയ്യുന്നതിനെപ്പറ്റി പ്രസ്താവിക്കുകയുണ്ടായി.

ശ്രീ. യു.എസ്. ശശി : പല മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾ തൊഴിൽ ജന്യരോഗങ്ങൾക്ക് വിധേയരായിക്കൊണ്ടിരിക്കുന്ന റിപ്പോർട്ടുകളുണ്ടായിട്ടുണ്ട്. ഇത് കണക്കിലെടുത്ത് ഗുരുതരമായ രോഗമുണ്ടാകുന്ന ഇത്തരം തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റ് പല സ്ഥലത്തും അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. അവർ ലബോറട്ടറീസ് സ്ഥാപിച്ചിട്ടുണ്ട്. പരിശോധനയ്ക്കുള്ള ഏർപ്പാടുകളുമുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എൻ. അനിരുദ്ധൻ : തൊഴിൽ നിയമങ്ങളുടെയും സാമൂഹ്യ തൊഴിൽ സുരക്ഷാ നിയമങ്ങളുടെയും അവബോധമില്ലാത്തതുകൊണ്ട് തൊഴിലാളികൾക്ക് പല ആനുകൂല്യങ്ങളും നിഷേധിക്കുന്നത് പതിവായി തീർന്നിട്ടുണ്ട്. ഇതിനുപരിഹാരം കാണുന്നതിനുവേണ്ടി ജില്ലാതലങ്ങളിൽ സ്ഥിരമായി തൊഴിൽ നിയമ പഠന ശാലകൾ രൂപീകരിച്ച് നടപ്പിലാക്കുന്നതിന് ഗവണ്മെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : തൊഴിലാളികളേയും തൊഴിലാളി യൂണിയൻ പ്രവർത്തകരേയും കൂടുതൽ അവബോധമുണ്ടാക്കുന്നതിനുവേണ്ടിയാണ് നേരത്തെ ഇവിടെ പറഞ്ഞതുപോലെ പരിശീലന പരിപാടികളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുള്ളത്. കൂടുതൽ ശില്പശാലകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല, കേരളത്തിലെ ട്രേഡ് യൂണിയന്റെ ചരിത്രത്തെ സംബന്ധിച്ച് ഇന്ന് ഒരു രൂപവും യൂണിയന്റെ പ്രവർത്തകർക്കില്ല. അതുകൊണ്ട് കേരളത്തിലെ ട്രേഡ് യൂണിയൻ മേഖലയെ സംബന്ധിച്ച് അതിന്റെ ചരിത്രമുണ്ടാക്കി പ്രസിദ്ധീകരിക്കാൻ ഗവണ്മെന്റ് ആലോചിക്കുന്നു.

ശ്രീ. എൻ. അനിരുദ്ധൻ : പുത്തൻ സാമ്പത്തികക്രമം നടപ്പാക്കിത്തുടങ്ങിയതിൽപ്പിന്നെ നിലവിലുള്ള തൊഴിൽ നിയമങ്ങൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുന്നതിനും അതിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാക്കുന്നത് സാധാരണഗതിയിൽ ഗവണ്മെന്റ് ചെയ്യുന്ന പരിപാടികളാണ്. പക്ഷേ എൻഫോഴ്സ്മെന്റ് വിജയിക്കണമെന്നുണ്ടെങ്കിൽ വർക്കേഴ്സിന്റെ ബാർഗെയിനിംഗ് കപ്പാസിറ്റി ശക്തമായിരിക്കണം. കൂടുതൽ ട്രേഡ് യൂണിയന്റെ സഹായമുണ്ടെങ്കിൽ എൻഫോഴ്സ്മെന്റ് വിജയിപ്പിക്കാൻ കഴിയും.

ശ്രീ. കെ. പ്രകാശ് ബാബു : തൊഴിലാളികൾക്ക് ശിൽപ്പശാലയും സെമിനാറുമൊക്കെ നടത്തുന്നകാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. എന്നാൽ വർക്ക്മെൻ കോംമ്പൻസേഷൻ ആക്ട്, മിനിമം വേജസ് ആക്ട് തുടങ്ങിയ ലേബർ നിയമങ്ങളും അവയുടെ സാങ്കേതികത്വവും നടപടി ക്രമങ്ങളുമെല്ലാം അറിയാത്തതുകൊണ്ട് ട്രേഡ് യൂണിയനും തൊഴിലാളികൾക്കും പല തരത്തിലുള്ള ആനുകൂല്യങ്ങളും നഷ്ടപ്പെടാൻ ഇടയാകുന്നു. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് സമയപരിധിക്കുള്ളിൽ അപേക്ഷ കൊടുക്കാൻ കഴിയുന്നില്ല. അപ്പീൽ കൊടുക്കുന്നതിന്റെ സമയപരിധി കഴിഞ്ഞുപോകുന്നു. അങ്ങനെയുള്ള പല പ്രശ്നങ്ങളും വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ കീഴിൽ 'കില' പ്രവർത്തിക്കുന്നതു പോലെ ഒരു സ്ഥിരമായ സംവിധാനം നമ്മുടെ സംസ്ഥാനത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്ത് നേരത്തെ ഇവിടെ സൂചിപ്പിച്ച കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് പോലെ ഒരു സ്ഥിരം സംവിധാനമുണ്ടാക്കാനും ട്രേഡ് യൂണിയൻ ഭാരവാഹികളെ പ്രത്യേകിച്ചും തൊഴിലാളികളിൽ നിന്നുള്ള ഭാരവാഹികളെ ബാച്ച് ബാച്ചായി ലേബർ നിയമങ്ങളെ സംബന്ധിച്ച് ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ഗവണ്മെന്റ് ആലോചിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ് എന്ന സ്ഥാപനം തന്നെ ഇത്തരത്തിലുള്ള നിർദ്ദേശം നടപ്പിലാക്കാൻ വേണ്ടിയാണ്. കഴിഞ്ഞകാലത്ത് അതിന്റെ പ്രവർത്തനം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ശക്തമായിരുന്നില്ലെന്ന് ചിലപ്പോൾ പരിശോധിച്ചാൽ മനസ്സിലാകും. പക്ഷെ ഇപ്പോൾ തൊഴിൽ മേഖലയിൽ, കശുവണ്ടി മേഖലയിൽ തൊഴിലാളികൾക്കും യൂണിയൻ നേതാക്കന്മാർക്കുമായി മൂന്ന് ശില്പശാലകൾ സംഘടിപ്പിച്ചു. ട്രേഡ് യൂണിയൻ നിയമങ്ങളെപ്പറ്റിയും അത് നടപ്പിലാക്കുന്നതിനെപ്പറ്റിയും അവിടെ ചർച്ചചെയ്യുന്നുണ്ട്. അതുപോലെ എല്ലാ മേഖലയിലുമുള്ള തൊഴിലാളി യൂണിയൻ പ്രവർത്തകർക്ക് ശക്തമായനിലയിൽ അതിന്റെ പ്രവർത്തനം ഫലപ്രദമായി പ്രയോജനപ്പെടുത്താനും ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള നടപടികളുമായിട്ട് മുന്നോട്ടുപോവുകയാണ്.

<u>ശ്രീ. കെ. പ്രകാശ് ബാബു</u> : ശമ്പളം പുതുക്കേണ്ട കാലാവധി കഴിയുമ്പോൾ സ്വാഭാവികമായും തൊഴിലാളികളും തൊഴിൽ ഉടമകളും തമ്മിലുള്ള ബന്ധം മോശമാകാൻ ഇടയുണ്ട്. ഇപ്പോൾ തോട്ടം മേഖലയിൽ ശമ്പളം പുതുക്കാനുള്ള കാലാവധി കഴിഞ്ഞിട്ട് മാസങ്ങളായിട്ടും പി.എൽ.സി.യിൽ നിന്നും ഒരു തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങനെ വരുമ്പോൾഗവണ്മെന്റിന് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ അധികാരമുണ്ട്. പക്ഷെ കഴിഞ്ഞ തവണ ഗവണ്മെന്റ് ഇങ്ങനെ ഉപയോഗിച്ചപ്പോൾ അതിന് ബാക്കേജ് കൊടുക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് എഗ്രിമെന്റ് കാലാവധി കഴിഞ്ഞ മുറയ്ക്ക് തന്നെ ഉടനെ പ്രാബല്യത്തിൽ വരത്തക്കരീതിയിൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് ഗവണ്മെന്റിന് അധികാരം കിട്ടത്തക്കരീതിയിൽ നിയമപരമായി ഗവണ്മെന്റിനുള്ള അധികാരം പുനർനിർണ്ണയം ചെയ്യാൻ നടപടി എടുക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : തോട്ടം മേഖലയിലെ ശമ്പള എഗ്രിമെന്റിന്റെ കാലാവധി കഴിഞ്ഞത് കഴിഞ്ഞ ഏപ്രിൽ മാസത്തിലാണ്. അതിനു ശേഷം അതിന്റെ ചർച്ചകൾ പി.എൽ.സി.യുമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ചർച്ചകളൊന്നും എഗ്രിമെന്റിൽ എത്തിയില്ല. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചപോലെ ഗവണ്മെന്റിന് നോട്ടിഫൈ ചെയ്യാനുള്ള അധികാരമുണ്ട്. അടിയന്തിരമായി പി.എൽ.സി. മീറ്റിംഗ് വിളിക്കാൻ ഞാൻ പറഞ്ഞിട്ടുണ്ട്. അങ്ങനെ മീറ്റിംഗ് കൂടി കഴിഞ്ഞ്, മന്ത്രി എന്നനിലയിൽ തന്നെ കോൺഫറൻസ് വിളിച്ചുകൂട്ടി ഇതിന് നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ നോട്ടിഫൈ ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കും.

332/2010

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : തൊഴിലാളി-തൊഴിലുടമ ബന്ധം ശക്തിപ്പെടുത്തുന്നതിന് നിലവിലുള്ള സ്റ്റാറ്റ്യൂട്ടുകൾ അതുപോലെ തന്നെ അവാർഡ്, എഗ്രിമെന്റ്, കൺവെൻഷൻ, ഇത് പൂർണ്ണമായി മാനിക്കപ്പെടുമെന്ന് ഉറപ്പുവരുത്താനുള്ള നടപടി കൈക്കൊള്ളാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സ്റ്റാറ്റ്യൂട്ടുകൾ നടപ്പിലാക്കാൻ സ്വാഭാവികമായും തൊഴിലുടമകൾക്ക് ബാദ്ധ്യതയുണ്ട്. അത് ഗവണ്മെന്റിന്റെ നിയമവും ഭീഷണിയും കൊണ്ടുമാത്രം നടപ്പിലാക്കാൻ കഴിയുകയില്ല. അത് നടപ്പിലാക്കണമെന്നുണ്ടെങ്കിൽ ഓരോ ഫാക്ടറിയിലെയും ട്രേഡ് യൂണിയനുകൾ ശക്തമായിരിക്കണം. ശക്തമായ ട്രേഡ് യൂണിയനുകളുടെ ബാർഗെയിനിംഗിനെ സഹായിക്കാൻ ഗവണ്മെന്റിന്റെ മെഷീനറി ഉപയോഗിക്കും. ഇത്തരം സംഘടനകൾ പ്രവർത്തിക്കുന്ന മേഖലകളിലൊക്കെ ഗവണ്മെന്റ് മെഷീനറി തൊഴിലാളികൾക്ക് അനുകൂലമായി ചലിക്കും. ഈ ഡിപ്പാർട്ടുമെന്റ് തൊഴിലാളികൾക്കു വേണ്ടിയുള്ള ഡിപ്പാർട്ടുമെന്റാണ്. എപ്പോഴും തൊഴിലാളികൾക്ക് അനുകൂലമായി ആ മെഷീനറി ചലിക്കുമെന്നതിന് യാതൊരു സംശയവുമില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : ട്രേഡ് യൂണിയൻ ആക്ട് അനുസരിച്ച് സംസ്ഥാനത്ത് ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്യാനുള്ള വ്യവസ്ഥയുണ്ട്. രജിസ്ട്രേഷൻ ഫീസ് 50 രൂപയായിരുന്നത് ഒറ്റയടിക്ക് 500 രൂപയായി വർദ്ധിപ്പിച്ചത് എന്തടിസ്ഥാനത്തിലാണ്. അതുടനെ പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ? അതുപോലെതന്നെ ട്രേഡ് യൂണിയനുകൾ വർഷം തോറും ആനുവൽ റിട്ടേൺസ് ലേബർ കമ്മീഷണർക്ക് അയച്ചുകൊടുക്കാമായിരുന്നു. എന്നാൽ ഇപ്പോൾ എല്ലാ പ്രദേശത്തുനിന്നുള്ള ട്രേഡ് യൂണിയൻ നേതാക്കന്മാരും ലേബർ കമ്മീഷണർ ആഫീസിൽ വരണമെന്ന് നിർദ്ദേശം കൊടുത്തതെറ്റായ നടപടി പിൻവലിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അങ്ങനെ ഒരു നിർദ്ദേശമില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആരോപണം എന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞാൻ അത് പരിശോധിച്ചു. ചില പ്രത്യേക യൂണിയനുകളെ സംബന്ധിച്ച് അതിന്റെ മെമ്പർഷിപ്പിനെ സംബന്ധിച്ച് കേരളത്തിൽ ഞാൻ മനസ്സിലാക്കിയത് ഏകദേശം പത്തോ പന്ത്രണ്ടോ യൂണിയനുകളെ സംബന്ധിച്ച് തർക്കങ്ങളും പരാതികളുമുണ്ടായി. ആ പരാതികളുടെയും തർക്കത്തിന്റെയും അടിസ്ഥാനത്തിൽ ആ പ്രത്യേക യൂണിയനുകൾ അതിന്റെ റിക്കാർഡ് ഹാജരാക്കണമെന്നു പറഞ്ഞ് നോട്ടീസ് കൊടുത്തിരിക്കുകയാണ്. അല്ലാതെ വ്യാപകമായി എല്ലാ യൂണിയനുകളും അങ്ങനെ സമർപ്പിക്കണമെന് നിർദ്ദേശിച്ചിട്ടില്ല. വ്യാജമായി മെമ്പർഷിപ്പ് ബൂസ്റ്റ് അപ്പ് ചെയ്തിട്ടുള്ള ചില യൂണിയനുകളെ സംബന്ധിച്ചാണ് അത് വന്നിട്ടുള്ളത്.

ശ്രീ. കെ. ബാബു : തൊഴിലാളി-തൊഴിലുടമാ ബന്ധം മെച്ചപ്പെടുത്തുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ? ശ്രീ. ആര്യാടൻ മുഹമ്മദ് തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന അവസരത്തിൽ സമഗ്രമായ ഒരു തൊഴിലുടമാ ബന്ധം സ്ഥാപിക്കുന്നതിന് വേണ്ടി നിയമനിർമ്മാണം നടത്തുന്നതിന് ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയുടെ ഒരു സബ്കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നിയമനിർമ്മാണം നടത്താൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഐ.ഡി. ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അടച്ചുപൂട്ടപ്പെടുന്ന സ്ഥാപനങ്ങളുടെ ഉടമകളെ പ്രോസിക്യൂട്ട് ചെയ്യാനുള്ള അധികാരം ഇപ്പോഴുണ്ട്. തൊഴിലാളി തൊഴിലുടമ ബന്ധം ഉറപ്പിക്കുന്നതിനുള്ള പല ഏർപ്പാടുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. വ്യവസായ ബന്ധ സമിതി ഉണ്ട്, മിനിമം വേജസ് അഡ്വൈസറി ബോർഡ് ഉണ്ട്. ഇത്തരം പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാനും തീരുമാനമെടുക്കാനും. അങ്ങനെ വ്യവസായ ബന്ധ സമിതി തന്നെ തൊഴിലാളികളുടെയും തൊഴിൽ ഉടമകളുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും ..... ഇതിനൊക്കെ അപ്പുറത്ത്. ഇപ്പോൾ തൊഴിൽ നയമുണ്ടാക്കാൻ ഈ ഗവണ്മെന്റ് ഉദ്ദേശിക്കുന്നു. തൊഴിൽ നയത്തെ സംബന്ധിച്ച് ഇപ്പോൾ വിവിധ ട്രേഡ് യൂണിയനുകളുമായിട്ട് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അതിന്റെ കരട് ആയിക്കഴിഞ്ഞു. ആ കരട് പരിശോധനയ്ക്കുശേഷം എല്ലാവരുടെയും അംഗീകാരത്തോടുകൂടി തൊഴിൽ നയം പ്രഖ്യാപിക്കുന്നതാണ്.

ശ്രീ. എളമരം കരീം : വ്യവസായമേഖലയിലെ അനാരോഗ്യകരമായ തൊഴിൽ ബന്ധത്തിന്റെ ഒരു പ്രധാന കാരണം ട്രേഡ് യൂണിയനുകളുടെ ബാഹുല്യമാണ്. ഈ ട്രേഡ് യൂണിയനുകൾ തമ്മിൽ അനാവശ്യവും അനാരോഗ്യവുമായ സമരങ്ങൾ കാരണം വ്യവസായത്തെ തന്നെ കുഴപ്പത്തിലാക്കുന്ന നിരവധി അനുഭവങ്ങളുണ്ട്. അത് തടയുന്നതിന് നിലവിലുള്ള ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡുമായിട്ട് ചർച്ച ചെയ്ത് സമഗ്രമായ ഒരു നിയമം അടിയന്തിരമായി കൊണ്ടുവരാൻ ഗവണ്മെന്റ് തയ്യാറാവുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ട്രേഡ് യൂണിയനുകളുടെ ബാഹുല്യത്തെ തടയുന്നതിന് ഗവണ്മെന്റ് ശ്രമിക്കുന്നുണ്ട്. അതിന്റെ രജിസ്ട്രേഷൻ എങ്ങനെ വേണമെന്ന് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

5 (*459) പായൽ, കുളവാഴ എന്നിവമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലാശയങ്ങളിലെ പായൽ, കുളവാഴ എന്നിവമൂലമുള്ള പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ജലാശയങ്ങളിലെ പായൽ, കുളവാഴ എന്നിവയുടെ ആധിക്യം പൊതുജനാരോഗ്യവും, മൽസ്യസമ്പത്ത്, ടൂറിസം എന്നിങ്ങനെ പല മേഖലകളേയും പ്രതികൂലമായി ബാധിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആഫ്രിക്കൻ പായൽ, കുളവാഴ എന്നിവയുടെ ഭീഷണിയെ നേരിടാനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു ഏജൻസിയെ ചുമതലപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുമോ എന്ന് വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ ജലാശയങ്ങളിലെയും ജലപാതകളിലെയും ആഫ്രിക്കൻ പായലും കുളവാഴയും നീക്കം ചെയ്യേണ്ടത് ആവശ്യമാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly